# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 103** **30.11.2015-ലെ മറുപടിക്ക്**

## സാമ്പത്തിക അച്ചടക്കം നടപ്പിലാക്കുന്നത് സംബന്ധിച്ച്

**ചോദ്യം** **ഉത്തരം**

**ശ്രീ. ആർ. രാജേഷ്**

**ശ്രീ. ഉമ്മൻചാണ്ടി**
**ബഹു. മുഖ്യമന്ത്രി**

| | | |
|---|---|---|
| (എ) | സാമ്പത്തിക കാര്യത്തിൽ അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ എടുത്ത പ്രമുഖ തീരുമാനങ്ങൾ വിശദമാക്കാമോ ; | സാമ്പത്തിക കാര്യങ്ങളിൽ അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്തിയിട്ടുണ്ട്. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. വിവിധ ഓഫീസ് ചെലവുകൾ നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 19.09.2014 ലെ സ.ഉ. (പി) നം. 399/14/ധന, സ.ഉ. (പി) നം. 400/14/ധന, 23.09.2014 ലെ സ.ഉ. (പി) നം.409/14/ധന, 10.11.2014 ലെ സ.ഉ. (പി) നം.482/14/ധന, 29.12.2014 ലെ സ.ഉ. (പി) നം. 583/14/ധന, 11.10.2013 ലെ 515/2013/ധന, 28.11.2013 ലെ സ.ഉ. (പി) നം. 580/13/ധന എന്നീ ഉത്തരവുകൾ പ്രകാരമാണ് ഈ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പു മന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുഗമമായ പദ്ധതി നിർവ്വഹണത്തിനും 23.01.2015 ലെ സ.ഉ. (പി) നം. 48/2015/ധന പ്രകാരം ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് (ELA) നടപ്പിലാക്കി. |

| | | |
|---|---|---|
| (ബി) | ഈ രംഗത്ത് സർക്കാരിന്റെ പരിഗണനയിലുള്ള മറ്റ് പരിപാടികൾ വെളിപ്പെടുത്താമോ ; | ഈ രംഗത്ത് മറ്റ് പരിപാടികൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (സി) | തീരുമാനങ്ങളിൽ ഏതെങ്കിലും പൂർണ്ണമായും നടപ്പാക്കാൻ സാധ്യമാകുകയുണ്ടായോ; നടപ്പിലാക്കാൻ കഴിഞ്ഞവ ഏതെല്ലാം ; മന്ത്രിമാരുടെ എണ്ണത്തിൽ കുറവ് വരുത്തുകയുണ്ടായോ ; എ.ഡി.ജി.പി.മാരുടെ തസ്തികകൾ എത്ര കുറച്ചു ; ഏതെല്ലാം പാഴ്ചെലവുകൾ വെട്ടിച്ചുരുക്കുകയുണ്ടായി ? | സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി മേൽ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഫലപ്രാപ്തി ലഭ്യമായി വരുന്നതേയുള്ളൂ. മന്ത്രിമാരുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടില്ല. എ.ഡി.ജി.പി. മാരുടെ തസ്തികകളൊന്നും കുറച്ചിട്ടില്ല. ചെലവുകൾ നിയന്ത്രിക്കുന്നതിനായി മേൽപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ